LIBRARY ARCHIVES Kerala Legislative Assembly

സഹകരണ സ്ഥാപനങ്ങൾ ട്രഷറിയിൽ നിക്ഷേപിച്ച പണം

134 [2261] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളുടെ പണം ഇപ്പോൾ ട്രഷറിയിൽ നിക്ഷേപിച്ചിട്ടുണ്ടോ;

(ബി) 15-6-2004 വരെ ഏതെല്ലാം സഹകരണ സ്ഥാപനങ്ങളുടെ എത്ര തുക വീതം ട്രഷറിയിൽ നിക്ഷേപമുണ്ടെന്ന് വ്യക്തമാക്കാമോ:

(സി) സംസ്ഥാന സഹകരണ ബാങ്കിനും ജില്ലാസഹകരണ ബാങ്കുകൾക്കും പലിശ അടക്കം തിരിച്ചു നൽകേണ്ട തുക എത്ര;

(ഡി) സഹകരണ ബാങ്കുകൾ ആവശ്യപ്പെട്ടിട്ടും നിക്ഷേപം തിരിച്ചു നൽകാൻ ട്രഷറിക്ക് കഴിയാതെ പോയിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ—ഡി) വിശദവിവരം ശേഖരിച്ചുവരുന്നു.

സഹകരണ മേഖലയിൽ കൺസോർഷ്യം

135 [2262] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ മേഖലയിൽ ആകെ ചെലവഴിക്കാൻ കഴിയാതെ കെട്ടിക്കിടക്കുന്ന തുക എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ തുക ചെലവഴിക്കുന്നതിന് സഹകരണ മേഖലയിൽ കൺസോർഷ്യം രൂപീകരിക്കുന്നകാര്യം സർക്കാർ പരിഗണിക്കുന്നുണ്ടോ;

(സി) സംസ്ഥാന സഹകരണ ബാങ്കും, വിവിധ ജില്ലാസഹകരണ ബാങ്കുകളും സംസ്ഥാനത്തിന്റെ വികസന ക്ഷേമ പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തി പണം മുടക്കിയിട്ടുണ്ടോ;

(ഡി) എങ്കിൽ അതിന്റെ വിശദവിവരം വെളിപ്പെടുത്തുമോ;

(ഇ) കൂടുതൽ മേഖലകളിലേക്ക് പണം നിക്ഷേപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

ഉത്തരം

(എ—ഇ) വിവരം ജില്ലകളിൽനിന്നും ശേഖരിച്ചു നൽകുന്നതാണ്.

കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ടിലും ചട്ടങ്ങളിലും ഭേദഗതി

136 [2263] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1969-ലെ കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ടിലും ചട്ടങ്ങളിലും ഭേദഗതികൾ വരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ നിയമത്തിലും ചട്ടങ്ങളിലും ഇതിനകം വരുത്തിയ ഭേദഗതികൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു. †

കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്ട്രേഷനുവേണ്ടി ലഭിച്ച അപേക്ഷകൾ

137 [2264] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1969-ലെ കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് പ്രകാരം സഹകരണ സംഘങ്ങൾക്ക് രജിസ്ട്രേഷൻ ലഭിക്കുന്നതിലേക്ക് സഹകരണ രജിസ്ട്രാർക്ക് ലഭിച്ച അപേക്ഷകളിൽ തീരുമാനം എടുക്കുവാനായി ബാക്കിയുള്ള വയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതേവരെ രജിസ്റ്റർ ചെയ്യപ്പെട്ട സംഘങ്ങൾ എത്ര; ക്രെഡിറ്റ് സംഘങ്ങൾ എത്ര; ഇതര സംഘങ്ങൾ എത്ര;

(സി) രജിസ്റ്റർ ചെയ്യാതിരിക്കുന്നത് സംബന്ധിച്ച് സഹകരണ വകുപ്പിൽ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്?

ഉത്തരം

(എ) ജില്ല തിരിച്ചുള്ള കണക്കുകൾ താഴെ കൊടുക്കുന്നു:

1.	തിരുവനന്തപുരം	..	15
2.	കൊല്ലം	..	32
3.	പത്തനംതിട്ട	..	2
4.	ആലപ്പുഴ	..	2
5.	കോട്ടയം	..	13
6.	ഇടുക്കി	..	3
7.	എറണാകുളം	..	..
8.	തൃശ്ശൂർ	..	55
9.	പാലക്കാട്	..	1
10.	മലപ്പുറം	..	..
11.	കോഴിക്കോട്	..	4
12.	വയനാട്	..	1
13.	കണ്ണൂർ	..	..
14.	കാസറഗോഡ്	..	..
	ആകെ	..	128

† അനുബന്ധം VIII

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VIII

[15-7-2004-ലെ ചോദ്യം നമ്പർ 136 (2263)-ന്റെ ഉത്തരം ദയവായി കാണുക]

1. വകുപ്പ് 2 (ia)-ൽ വരുത്തിയ ഭേദഗതി പ്രകാരം ഒരു ജില്ലയിൽ ആസ്ഥാനമുള്ള ഏത് തരം പ്രാഥമിക സഹകരണ സംഘങ്ങളേയും ഫെഡറൽ കേന്ദ്ര സംഘങ്ങളേയും അതാത് ജില്ലയിലെ ജില്ലാ സഹകരണ ബാങ്കുകളിൽ അംഗമാകാൻ കഴിയുംവിധം നിർവചനത്തിൽ ഭേദഗതി വരുത്തി. (2002-ലെ 3-ാം നമ്പർ ആക്ട് പ്രകാരം ഭേദഗതി ചെയ്തത്)

2. വകുപ്പ് 18 (i)-ൽ വരുത്തിയ ഭേദഗതി പ്രകാരം പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളും അർബൻ സഹകരണ ബാങ്കുകളും ഒഴികെയുള്ള 1969-ലെ കേരള സഹകരണ നിയമം പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട ഏത് സംഘത്തേയും ജില്ലാ സഹകരണ ബാങ്കിൽ നാമമാത്രം അഥവാ അസോസിയേറ്റ് അംഗമായി ചേർക്കാമെന്നുള്ള വ്യവസ്ഥ ഒഴിവാക്കപ്പെട്ടു. (2002-ലെ 3-ാം നമ്പർ ആക്ട് പ്രകാരം ഭേദഗതി ചെയ്തത്.)

3. വകുപ്പ് 20-ൽ ഒരു സംഘത്തിലെ ഓരോ സജീവ അംഗത്തിനും ഒരു വോട്ട് ഉണ്ടായിരിക്കും എന്ന വ്യവസ്ഥയിൽ "ഓരോ സജീവ അംഗത്തിനും" എന്നതിനു പകരം "ഓരോ അംഗത്തിനും" എന്ന ഭേദഗതി വരുത്തുകയുണ്ടായി. കൂടാതെ വകുപ്പ് 20(ii)-ൽ വരുത്തിയ ഭേദഗതി പ്രകാരം "സജീവ അംഗത്തെ തിരിച്ചറിയുന്നതിനുള്ള നടപടിക്രമങ്ങളും രീതിയും വ്യക്തമാക്കേണ്ടതാണ്" എന്നുള്ളത് ഒഴിവാക്കപ്പെട്ടു. (2002-ലെ 3-ാം നമ്പർ ആക്ട് പ്രകാരം ഭേദഗതി ചെയ്തത്)

4. വകുപ്പ് 28 എ എ (പുതുതായി ഉൾപ്പെടുത്തിയത്).—സഹകരണ സംഘങ്ങളിലെ ഭരണസമിതി അംഗങ്ങളിൽ നിന്നും പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, ട്രഷറർ അഥവാ മറ്റേതെങ്കിലും ഓഫീസർ എന്നിവരെ തെരഞ്ഞെടുക്കുന്നതും കമ്മിറ്റിയിലെ ഭൂരിപക്ഷം അംഗങ്ങളുടെ പിന്തുണയോടെയുള്ള അവിശ്വാസ പ്രമേയത്തിലൂടെ സംഘം കമ്മിറ്റി അതിലെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, ട്രഷറർ അഥവാ മറ്റേതെങ്കിലും ഓഫീസർ എന്നിവരെ നീക്കം ചെയ്യുന്നത് സംബന്ധിച്ച്. (2002-ലെ 3-ാം നമ്പർ ആക്ട് പ്രകാരം ഭേദഗതി ചെയ്തത്)

5. വകുപ്പ് 80 എ (i എ) പ്രകാരം കൂട്ടിച്ചേർത്തത്.—1-1-1974-നും 3-6-1993-നും മദ്ധ്യേയുള്ള കാലയളവിൽ സേവനത്തിൽ നിന്നും പിരിഞ്ഞതും ഇപ്പോൾ ജീവിച്ചിരിപ്പുള്ളതുമായ ജീവനക്കാർക്കും കേരള സഹകരണ നിയമപ്രകാരം തയ്യാറാക്കിയിട്ടുള്ള സെൽഫ് ഫിനാൻസിങ്ങ് പെൻഷൻ സ്കീം അനുസരിച്ചുള്ള പെൻഷൻ ഫണ്ടിൽ നിന്നും പെൻഷൻ നൽകുന്നതിന് വേണ്ടിയുള്ളത്. (2002-ലെ 3-ാം നമ്പർ ആക്ട് പ്രകാരം ഭേദഗതി ചെയ്തത്)

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VIII—(തുടർച്ച)

6. നിലവിലുള്ള ജില്ലാ സഹകരണ ബാങ്കുകളെ സംബന്ധിച്ച പ്രത്യേക വ്യവസ്ഥ.—(എ) 1997-ലെ 15-ാം നമ്പർ ആക്ട് അനുസരിച്ച് ജില്ലാ സഹകരണ ബാങ്കുകളിൽ അംഗത്വം നഷ്ടപ്പെട്ട പ്രാഥമിക സഹകരണ സംഘങ്ങൾക്ക് അംഗമായി തുടരുന്നതിനും ടി ഭേദഗതി നിയമശേഷം ജില്ലാ സഹകരണ ബാങ്കിൽ നാമമാത്ര അഥവാ അസോസിയേറ്റ് അംഗമായി പ്രവേശിപ്പിക്കപ്പെട്ടിട്ടുള്ളവർക്ക് അംഗത്വം നഷ്ടപ്പെടുന്നതിനും ഈ ഭേദഗതി കാരണമായി. (2002-ലെ 3-ാം നമ്പർ ആക്ട് ഭേദഗതി)

7. സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകൾ, കാർഷിക വായ്പാ സംഘങ്ങൾ, പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങൾ എന്നിവയിൽ നിന്നുള്ള വായ്പയ്ക്ക് പണയാധാരം രജിസ്റ്റർ ചെയ്യുന്നതിൽ നിന്നും ഒഴിവാക്കുന്നതിന് ഗഹാൻ സമ്പ്രദായം നടപ്പാക്കുന്നതിനായി സഹകരണ നിയമം വകുപ്പ് 36-ൽ വരുത്തിയ ഭേദഗതി. (2004-ലെ 16-ാം നമ്പർ ആക്ട്)

II. 1969-ലെ കേരളാ സഹകരണ ചട്ടങ്ങളിൽ വരുത്തിയിട്ടുള്ള ഭേദഗതി:

1. ചട്ടം 35 എ(1)-ൽ കൂട്ടിച്ചേർത്തത്.—ആയത് പ്രകാരം സംഘങ്ങളിലെ ഭരണസമിതി തെരഞ്ഞെടുപ്പിന് വേണ്ടിയുള്ള തീയതി, സമയം, സ്ഥലം എന്നിവ തീരുമാനിച്ച് സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷന് രജിസ്റ്റേർഡ് തപാലായി നൽകണമെന്നുള്ളത് ചട്ടം 35 (2)-ൽ വിശദീകരിക്കുന്ന പ്രകാരം രജിസ്ട്രാർ വഴി അയച്ചുകൊടുക്കണമെന്ന് മാറ്റി. [ജി.ഒ. (പി) നമ്പർ 97/03/സഹ. തീയതി, 9-4-2003]

2. ചട്ടം 44 (എ)-ൽ വരുത്തിയ ഭേദഗതി പ്രകാരം സംഘത്തിലെ അഡ്മിനിസ്ട്രേറ്റർ ടി സംഘത്തിലെ ഒരംഗത്തെ അതിന്റെ പ്രതിനിധിയായി മറ്റൊരു സംഘത്തിലേക്ക് നാമനിർദ്ദേശം ചെയ്യുമ്പോൾ ടി അംഗത്തിന് മറ്റേ സംഘത്തിന്റെ കമ്മിറ്റിയിലേക്ക് തെരഞ്ഞെടുക്കപ്പെടാൻ യോഗ്യതയുണ്ട് എന്നതിന്റെ കൂടെ "വോട്ട് ചെയ്യാനും യോഗ്യത" ഉണ്ട് എന്നു കൂട്ടിച്ചേർത്തു. [ജി.ഒ. (പി) നമ്പർ 97/03/സഹ. തീയതി, 9-4-2003]

3. ചട്ടം 35 (എ) 3 (iv) (v) (vi) ഇവ കൂട്ടിച്ചേർത്ത് ആയത് പ്രകാരം തെരഞ്ഞെടുപ്പ് വിജ്ഞാപനത്തിൽ ഉൾപ്പെടുത്തേണ്ട കാര്യങ്ങൾ വ്യവസ്ഥ ചെയ്തു. [ജി.ഒ. (പി) നമ്പർ 97/03/സഹ. തീയതി, 9-4-2003]

4. ചട്ടം 58 (1) (എ)-ൽ ഭേദഗതി വരുത്തിയത്.—സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് വിഹിതമായി ശമ്പളത്തിന്റെ 8.33 ശതമാനത്തിൽ കുറയാത്ത തുക ജീവനക്കാരന്റെ ശമ്പളത്തിൽ നിന്നും ഈടാക്കണമെന്നും ജീവനക്കാരന്റെ ശമ്പളത്തിന്റെ 8.33 ശതമാനം തുക തൊഴിലുടമയുടെ വിഹിതമായും അടയ്ക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനായി ചട്ടം 58 ഭേദഗതി ചെയ്തു. [ജി.ഒ. (പി) നമ്പർ 97/03/സഹ. തീയതി, 9-4-2003]

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VIII—(തുടർച്ച)

5. ചട്ടം 185 (1) ഭേദഗതി പ്രകാരം സംഘത്തിലെ സബ്സ്റ്റാഫ് തസ്തികയിലെ ജീവനക്കാർക്ക് നിശ്ചിത യോഗ്യതയും പോഷകവിഭാഗത്തിൽ കുറഞ്ഞത് മൂന്ന് വർഷത്തെ സേവനവും ഉണ്ടെങ്കിൽ മാത്രമേ ജൂനിയർ ക്ലാർക്ക് തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം നൽകാവൂ എന്ന് വ്യവസ്ഥ ചെയ്തു. [ജി.ഒ. (പി) നമ്പർ 97/03/സഹ. തീയതി, 9-4-2003]

6. ചട്ടം 43 (എ) കൂട്ടി ചേർത്തത്.—വകുപ്പ് 28 എ എ പ്രകാരം പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, ട്രഷറർ അഥവാ മറ്റ് ആഫീസർ എന്നിവരെ അവിശ്വാസ പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ നീക്കം ചെയ്യുന്നതിന് വേണ്ടി സ്വീകരിക്കേണ്ട നടപടിക്രമങ്ങളാണിത്. [ജി.ഒ. (പി) നമ്പർ 271/03/സഹ. തീയതി, 15-12-2003]

7. ചട്ടം 182 (4) (1)-ൽ വരുത്തിയ ഭേദഗതി.—സഹകരണ സർവീസ് എക്സാമിനേഷൻ ബോർഡ് വഴി നടത്തുന്ന നിയമന നടപടികൾ കൂടുതൽ ഫലപ്രദവും കാലതാമസം ഒഴിവാക്കുന്നതിനും വേണ്ടി ടി ചട്ടം ഭേദഗതി വരുത്തി. [ജി.ഒ. (പി) നമ്പർ 271/03/സഹ. തീയതി, 15-12-2003]

8. ചട്ടം 65 (4)-ൽ വരുത്തിയ ഭേദഗതി പ്രകാരം ഒരു സംഘത്തിന്റെ ആഡിറ്റ് ഫീസ് കണക്കാക്കുന്നത് പരമാവധി 15,000 രൂപ എന്നത് 25,000 രൂപയാക്കി വർദ്ധിപ്പിച്ചു. [ജി.ഒ. (പി) നമ്പർ 60/02/സഹ. തീയതി, 10-10-2002]

9. ചട്ടം 128 (1)-ൽ സർക്കിൾ സഹകരണ യൂണിയനിലെ അംഗങ്ങളെ തെരഞ്ഞെടുക്കുന്നത് സംബന്ധിച്ച്. ചട്ടം 128 (1) ഭേദഗതി ചെയ്ത് താഴെ പറയും പ്രകാരം കൂട്ടിചേർക്കുകയുണ്ടായി:

(i) സഹകരണസംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിൽ വരുന്ന പ്രാഥമിക വായ്പാ സംഘങ്ങളുടെ കമ്മിറ്റി അംഗങ്ങളുടെ ഇടയിൽ നിന്നും രണ്ട് അംഗങ്ങൾ.

(ii) സഹകരണസംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ വരുന്ന വായ്പേതര പ്രാഥമിക സംഘങ്ങളുടെ കമ്മിറ്റി അംഗങ്ങളുടെ ഇടയിൽ നിന്നും രണ്ട് അംഗങ്ങൾ.

(iii) ക്ഷീര സഹകരണസംഘങ്ങളിലെ കമ്മിറ്റി അംഗങ്ങളുടെ ഇടയിൽ നിന്നും ഒരംഗം.

(iv) ഫിഷറീസ് സഹകരണസംഘങ്ങളിലെ കമ്മിറ്റി അംഗങ്ങളുടെ ഇടയിൽ നിന്നും ഒരംഗം.

(v) വ്യവസായ സഹകരണസംഘങ്ങളിലെ കമ്മിറ്റി അംഗങ്ങളുടെ ഇടയിൽ നിന്നും ഒരംഗം. [ജി.ഒ. (പി) നമ്പർ 52/04/സഹ. തീയതി, 7-2-2004]

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VIII—(തുടർച്ച)

10. ചട്ടം 128 (3)-ൽ വകുപ്പ് 88 (1) പ്രകാരം ജീവനക്കാരുടെ പ്രതിനിധികളെ തിരഞ്ഞെടുക്കുന്നത് സംബന്ധിച്ച്:

(i) സഹകരണസംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിൽ വരുന്ന പ്രാഥമിക വായ്പാ സംഘങ്ങളിലെ ജീവനക്കാരിൽ നിന്നും ഒരംഗത്തെയും.

(ii) സഹകരണസംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ ഉള്ള പ്രാഥമിക വായ്പേതര സഹകരണ സംഘങ്ങളിലെ ജീവനക്കാരും രജിസ്ട്രാറുടെ അധികാരങ്ങൾ നൽകിയിട്ടുള്ള മറ്റ് ഫങ്ഷണൽ രജിസ്ട്രാർമാരുടെ ഭരണനിയന്ത്രണത്തിൽ ഉള്ള സഹകരണ സംഘങ്ങളിലെ ജീവനക്കാരും ചേർന്ന് അവരിൽ നിന്ന് ഒരംഗത്തേയും തെരഞ്ഞെടുക്കാൻ വ്യവസ്ഥ ഉൾപ്പെടുത്തുന്നതിനായി ഭേദഗതി വരുത്തി. [ജി.ഒ. (പി) നമ്പർ 52/04/സഹ. തീയതി, 7-2-2004]

11. ചട്ടം 165 (2)-ൽ വരുത്തിയ ഭേദഗതി പ്രകാരം സംസ്ഥാന സഹകരണ യൂണിയന്റെ മാനേജിംഗ് കമ്മിറ്റിയുടെ ക്വാറം '9'-ൽ നിന്നും 12 ആയി ഉയർത്തി. [ജി.ഒ. (പി) നമ്പർ 47/2002/സഹ. തീയതി, 6-7-2002]

12. ചട്ടം 128 (1).—സർക്കിൾ സഹകരണ യൂണിയനിൽ മാനേജിംഗ് കമ്മിറ്റിയിലേക്ക് തെരഞ്ഞെടുക്കപ്പെടേണ്ടവരുടെ അംഗസംഖ്യ കേരള സഹകരണ നിയമത്തിൽ 7 എന്നും നിജപ്പെടുത്തിയിരിക്കെ ചട്ടത്തിൽ '8' എന്ന് തെറ്റായി രേഖപ്പെടുത്തിയിരുന്നത് ഭേദഗതി വരുത്തി '7' എന്ന് നിജപ്പെടുത്തുന്നതിനായി ഭേദഗതി ചെയ്തു. [ജി.ഒ. (പി) നമ്പർ 198/03/സഹ. തീയതി, 10-10-2003]

13. ചട്ടം 129 (സി) (ഡി).—നിയമത്തിലെ ബന്ധപ്പെട്ട ഉപവകുപ്പുകൾ, ക്ലോസുകൾ ചട്ടത്തിൽ തെറ്റായി രേഖപ്പെടുത്തിയിരുന്നത് ഭേദഗതി ചെയ്തു. [ജി.ഒ. (പി) നമ്പർ 198/03/സഹ. തീയതി, 10-10-2003]

14. ചട്ടം 44 (1) ക്ലോസ് 'സി'.—ചട്ടം 44 (4) (5) (6) എന്നിവ ഒഴിവാക്കി കൊണ്ട് ചട്ടം ഭേദഗതി ചെയ്തു. 1987-ലെ കേരള പൊതുപ്രവർത്തക അഴിമതി (അന്വേഷണ) നിയമം ഇപ്പോൾ നിലവിലില്ലാത്തതിനാൽ, ടി നിയമ പ്രകാരം രൂപീകരിച്ചിട്ടുള്ള കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒരു സംഘത്തിലെ ഒരു കമ്മിറ്റി അംഗത്തെ തൽസ്ഥാനത്ത് നിന്നും നീക്കം ചെയ്യാവുന്നതാണ് എന്ന് നിലവിലുണ്ടായിരുന്ന വ്യവസ്ഥയാണ് ഒഴിവാക്കപ്പെട്ടത്. [ജി.ഒ. (പി) നമ്പർ 55/04/സഹ. തീയതി, 7-2-2004]

15. ചട്ടം 182 (ബി), 182 (സി), 182 (ഡി)-യിൽ വരുത്തിയ ഭേദഗതി പ്രകാരം സഹകരണ സർവീസ് എക്സാമിനേഷൻ ബോർഡിൽ സഹകരണ ജോയിന്റ് രജിസ്ട്രാറെ മെമ്പർ സെക്രട്ടറിയായി നിയമിച്ചിരുന്ന വ്യവസ്ഥ ഒഴിവാക്കി പകരം അനൗദ്യോഗിക അംഗമായി ഒരു ഡെപ്യൂട്ടി രജിസ്ട്രാറെ നിയമിക്കുന്നതിന് വ്യവസ്ഥ ചെയ്തു. കൂടാതെ ബോർഡ് ചെയർമാന്റെ പ്രതിമാസ ശമ്പളം 20,000 രൂപയായി നിശ്ചയിച്ചു. ബോർഡ് യോഗത്തിന്റെ നടപടിക്രമങ്ങൾ സുഗമമാക്കുന്നതിനും ബോർഡിലേക്ക് ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനുമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി. [ജി.ഒ. (പി) നമ്പർ 46/04/സഹ. തീയതി, 3-2-2004]

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VIII—(തുടർച്ച)

16. സഹകരണ ചട്ടങ്ങളിലെ അപ്പൻഡിക്സ് III-യിൽ ക്രമനമ്പർ 2-ൽ താഴെ പറയും പ്രകാരം മാറ്റം വരുത്തി:

നോട്ട് '3'.—ഒരു സംഘത്തെ ഏതെങ്കിലും ഉയർന്ന ക്ലാസ്സിലേക്ക് തരം തിരിക്കപ്പെടുന്നതിന് ടി സംഘം തൊട്ട് മുൻപുള്ള അഞ്ച് വർഷക്കാലയളവിൽ രണ്ട് വർഷമെങ്കിലും ലാഭത്തിലായിരിക്കണം.

നോട്ട് '4'.—സംഘങ്ങളുടെ ക്ലാസിഫിക്കേഷൻ നടപ്പിലാക്കുന്നതിന് മുൻപ് രജിസ്ട്രാർ സാക്ഷ്യപ്പെടുത്തുകയും അംഗീകരിക്കുകയും ചെയ്തിരിക്കണം. [ജി.ഒ. (പി) നമ്പർ 76/04/സഹ. തീയതി, 8-3-2004]

17. ചട്ടം 186-ൽ വരുത്തിയ ഭേദഗതി പ്രകാരം.—സഹകരണ സ്ഥാപനങ്ങളിലെ നിയമനത്തിന് "ഹയർ ഡിപ്ലോമ ഇൻ കോ-ഓപ്പറേഷൻ ആൻഡ് ബിസിനസ്സ് മാനേജ്മെന്റ്" എന്ന യോഗ്യതയും കൂടി ഉൾപ്പെടുത്തി ഭേദഗതി വരുത്തി. [ജി.ഒ. (പി) നമ്പർ 131/04/സഹ. തീയതി, 25-5-2004]

18. ചട്ടം 182-ൽ വരുത്തിയ ഭേദഗതി അനുസരിച്ച് സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ തെരഞ്ഞെടുപ്പ് ഘട്ടങ്ങളിൽ വികലാംഗർക്ക് പരമാവധി 10 ശതമാനം ഗ്രേസ് മാർക്ക് നൽകുന്നതിന് വേണ്ടിയുള്ളതാണ്.

കൂടാതെ ചട്ടം 183-ൽ വികലാംഗരായ ഉദ്യോഗാർത്ഥികൾക്ക് സഹകരണ സംഘങ്ങളിലെ നിയമനങ്ങൾക്ക് പ്രായപരിധി പരമാവധി 10 വർഷം ഇളവ് അനുവദിക്കുന്നതിന് വ്യവസ്ഥ ചെയ്തുകൊണ്ട് ഭേദഗതി വരുത്തി. [ജി.ഒ. (പി) നമ്പർ 74/04/സഹ. തീയതി, 3-3-2004]

19. ചട്ടം 185 (8)-ൽ സഹകരണ സംഘങ്ങളിലെ ഉദ്യോഗക്കയറ്റത്തിന് ചട്ടം നിലവിൽ വന്ന തീയതിയായ 1-1-1974-ന് ശേഷം സർവീസിൽ വന്നവർക്കും വിദ്യാഭ്യാസ യോഗ്യതയിൽ നിന്ന് ഇളവ് അനുവദിക്കുന്നതിന് വ്യവസ്ഥ ചെയ്തുകൊണ്ട് ചട്ടത്തിൽ ഭേദഗതി വരുത്തി. [ജി.ഒ. (പി) നമ്പർ 90/03/സഹ. തീയതി, 4-4-2003]

LIBRARY ARCHIVES Kerala Legislative Assembly